സപ്പംബർ 2010 വാല്യം 3 ലക്കം 5

ശ്രീ രാം ചന്ദ്ര മിഷൻ®

India ECHOES
ONE WORLD ONE HUMANITY

സ്വകാര്യ പ്രചരണത്തിന് മാത്രം

# മാസ്റ്ററുടെ 84-ാം ജന്മദിനാഘോഷം

## 2010 ജൂലായ് 23 മുതൽ 26 വരെ ലഖ്നൗവിൽ

ഇന്ത്യയിലെ തന്നെ വലിയ ആശ്രമങ്ങളിലൊന്നാണ് ലഖ്നൗവിലേത്. അറുപത് ഏക്കറിലധികം വരുന്ന ആശ്രമഭൂമിയിൽ അഭ്യാസികൾക്കായ് വലിയ ഒരു കോളനി നിർമ്മിക്കുവാനും പദ്ധതിയുണ്ട്. മഴയെ മുന്നിൽ കണ്ടുകൊണ്ട് ഇത്തവണ ആശ്രമപ്രദേശത്ത് വലിയ മുന്നൊരുക്കം തന്നെ നടത്തിയിരുന്നു. കോൺക്രീറ്റ് റോഡുകളും, മഴവെള്ളം ഒലിച്ചുപോകാൻ ചാലുകളും നിർമ്മിച്ചതിനാൽ അഭ്യാസികൾക്ക് സുഗമമായി സഞ്ചരിക്കുവാൻ സാധിച്ചു. ധ്യാനമന്ദിരം, ഭക്ഷണശാല, കാൻറീൻ, മറ്റ് സ്ഥിരം സ്റ്റാളുകൾ എന്നിവയെല്ലാം നിർമ്മിച്ചിരുന്നത് മഴയെ പ്രതിരോധിക്കുന്ന തരത്തിലായിരുന്നു.

ജൂലായ് 21-ന് ഉച്ചക്ക് ശേഷം എത്തിയ മാസ്റ്ററെ എകദേശം 15,000 അഭ്യാസികൾ വരവേറ്റു. പുതിയതായ് നിർമ്മിച്ച ധ്യാനമന്ദിരം അന്ന് വൈകുന്നേരം അദ്ദേഹം ബാബുജി മഹരാജിന് സമർപ്പിച്ചു. 15,000 ചതുരശ്ര അടി വിസ്തൃതിയിൽ നിർമ്മിച്ച ഈ മന്ദിരത്തിന് 3000 അഭ്യാസികളെ ഉൾക്കൊള്ളാനാകും.



മാസ്റ്റർ ലഖ്നൗവിൽ അഭ്യാസികളെ അഭിസംബോധന ചെയ്യുന്നു, ജൂലായ് 2010







ജന്മദിനാഘോഷം ജൂലായ് 23-ാം തിയ്യതി ആരംഭിച്ചു. ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമായി നാൽപതിനായിരത്തിലധികം അഭ്യാസികൾ സന്നിഹിതരായിരുന്നു. 'സ്നേഹവും കൃതജ്ഞതയും' എന്നായിരുന്നു ഈ ആഘോഷത്തിൻെറ പ്രമേയം. മാസ്റ്റർ കാർമ്മികത്വം വഹിച്ച 24 വിവാഹങ്ങളായിരുന്നു ഈ ആഘോഷത്തിൻെറ മറ്റൊരു പ്രത്യേകത. ചിന്തോദ്ദീപകമായ 3 പ്രഭാഷണങ്ങളും അദ്ദേഹം ഈ അവസരത്തിൽ നടത്തി. 24-ാം തിയ്യതി "സഹജമാർഗ്ഗം അനന്തതയിലേക്ക്" എന്ന വിഷയത്തെപ്പറ്റി അദ്ദേഹം ഇങ്ങനെ പറഞ്ഞു :-

- ★ സഹജമാർഗ്ഗത്തിൽ എത്തിയിട്ട് 46 വർഷം ആയിരുന്നിട്ടും ഞാനിപ്പോഴും അവസാനമില്ലാത്ത ഒരു യാത്രയിലാണ്. സഹജമാർഗ്ഗത്തിലൂടെ നാം നീങ്ങുന്നത് അനന്തതയിലേക്കാണ്. അനന്തതയുടെ മറുപുറം അറിയുവാനും അതിനെ നമ്മുടെ കൈപ്പിടിയിലൊതുക്കുവാനും നമുക്ക് കഴിയണം.
- ★ നമുക്ക് വേണ്ടതെല്ലാം മാസ്റ്റർ ചെയ്യുമെന്ന് നാം കരുതുന്നു. എന്നാൽ നമ്മുടെ 100 ശതമാനം സഹകരണമില്ലാതെ അത് സാധ്യമല്ല. അങ്ങനെയാണെങ്കിൽ അദ്ദേഹം നൽകുന്ന സഹായം ആയിരം ശതമാനമായിരിക്കും.
- ★ സാധന എന്നത് എല്ലാത്തിൻേറയും അവസാനമാകുന്നില്ല. എന്നാൽ നമ്മുടെ ആശ്രയത്വം നാം മാസ്റ്റർക്ക് കൈമാറുന്നത് സാധനയിലൂടെയാണ്.

ജൂലായ് 25-ന് ഗുരുപൂർണ്ണിമാദിനത്തിൽ പ്രഭാതത്തിൽ നടത്തിയ പ്രഭാഷണത്തിൽ മാസ്റ്റർ ഇങ്ങനെ പറഞ്ഞു:

- ★ ഗുരുവിൻെറ കൂടെ ഈ ദിനം ചിലവഴിക്കുന്നവരുടെ ആത്മീയ പുരോഗതി വളരെ വേഗത്തിലായിരിക്കും.
- ★ നമ്മുടെ ആധ്യാത്മിക പുരോഗതിയുടെ ഉത്തരവാദിത്വത്തെപ്പറ്റിയും അത് കൈവരിക്കാനു തകുന്ന പ്രവൃത്തികളെക്കുറിച്ചും നാം ബോധമുള്ള വരായിരിക്കേണ്ടതാണ്.

പ്രഭാഷണത്തിന് മുൻപും ശേഷവും ശ്വാസോച്ഛ്വാസത്തിനായി മാസ്റ്റർ ഏറെ പ്രയാസപ്പെട്ടു, വൈകുന്നേരവും അതേ രീതിയിൽ തുടർന്ന മാസ്റ്റർ അവിടെയുണ്ടായിരുന്ന അഭ്യാസികളോട് ഇങ്ങനെ പറഞ്ഞു, "രോഗബാധിതനാണോ ഞാൻ എന്നെനിക്കറിയില്ല, എന്നാൽ എനിക്ക് തീരെ സുഖം തോന്നുന്നില്ല".

ജൂലായ് 26-ന് രാവിലെ നടത്തിയ സമാപന പ്രസംഗത്തിൽ മാസ്റ്റർ ഇങ്ങനെ നിരീക്ഷിച്ചു:

- ★ ബാബുജി മഹാരാജ് പറയാറുള്ളത് പോലെ, ഒരേ ഒരു കാര്യത്തിന് മാത്രമേ അവസാനമില്ലാത്തതുള്ളൂ - ആത്മീയ ജീവിതത്തിന്. കാരണം, ആത്മാവ് ദൈവീകതയുടെ ഒരംശമോ അല്ലെങ്കിൽ സ്ഫുരണമോ ആകയാൽ, അത് മരണമില്ലാത്തതും കാലാതിവർത്തിയുമാണ്.
- ★ മാനവ ജീവിതത്തിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായതു വാത്സല്യ (അമ്മയുടെ സ്നേഹം) മാണെന്നാണ് ബാബുജി മഹാരാജ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് നിങ്ങളുടെ ഗുരുവിനെ നിങ്ങളുടെ അമ്മയായ് സ്വീകരിക്കുക.
- ★ പ്രതീക്ഷ കൂടാതെയും പ്രതിഫലേച്ഛയില്ലാതെയും സേവനം ചെയ്യുമ്പോഴാണ് അത് കളങ്കരഹിതമായ സേവനമാകുന്നത്.





ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

★ അദ്ദേഹത്തിൻെറ ഹൃദയത്തിലെത്താനുള്ള എളുപ്പവഴി സേവനമാണ്. യഥാർത്ഥത്തിൽ മാസ്റ്റർക്ക് നമ്മുടെ സേവനം ആവശ്യമില്ല. പക്ഷെ അത് ഒരു കുട്ടി സ്വന്തം അമ്മയെപ്പോലെ ആകുവാനായി, സ്വയമറിയാതെ അവരെ സഹായിക്കുന്നതു പോലെയാകുമ്പോൾ, അത് അന്തിമമായി അമ്മയെപ്പോലെത്തന്നെയായി തീരുന്നു.

കാലത്തും വൈകീട്ടുമുണ്ടായിരുന്ന സത്സംഗങ്ങൾക്ക് ശേഷം സഹോ. അപർണ്ണ ഘോഷ്, രഞ്ജന മെഹ്ത, മീന മിശ്ര, സഹോ.ഗുർപ്രീത് എന്നിവരുടെ ഭക്തിഗാനാലാപനമുണ്ടായിരുന്നു. ഇത് കൂടാതെ സഹോ. സൗമ്യയുടെ ഭരതനാട്യവും, ബറോഡ സെൻററിലെ അഭ്യാസികൾ അവതരിപ്പിച്ച ശ്രീ.കബീറിൻെറ ജീവിതത്തെ ആസ്പദമാക്കിയുള്ള ഒരു നാടകവും പിന്നെ റഷ്യയിൽ നിന്നുള്ള അഭ്യാസികളുടെ വക ഒരു സംഗീത പരിപാടിയുമുണ്ടായി.

ഈ ആഘോഷം മിഷൻെറ 'സ്മൃതി', 'ക്രെസ്റ്റ്', മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, പ്രസിദ്ധീകരണ വിഭാഗം, എക്കോസ് പത്രിക, വിവര സാങ്കേതിക വിഭാഗം എന്നിങ്ങനെയുള്ള വിവിധ വിഭാഗങ്ങൾക്ക് ഒത്തുകൂടുവാനും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുവാനുമുള്ള ഒരവസരമായിരുന്നു. മിഷൻെറ വർക്കിംഗ് കമ്മിറ്റിയുടെ യോഗത്തിനുശേഷം മാസ്റ്റർ പുതിയതായി പ്രകാശനം ചെയ്ത വിസ്പേർസിനെക്കുറിച്ച് പരാമർശിച്ച് കൊണ്ട് പറഞ്ഞു, "ഇവിടെ നടക്കുന്നതെല്ലാം അവർക്കറിയാം. നമ്മളെല്ലാം ഒരു മത്സ്യസംഭരണിക്കകത്തെ മത്സ്യങ്ങളെപ്പോലെ പുറമേ നിന്നും വീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.''

തൻെറ ആരോഗ്യത്തേയും ജോലിയുടെ കഠിനതയേയും പറ്റി പരാമർശിച്ചു കൊണ്ട് സംസാരിക്കവെ അദ്ദേഹം ബാബുജി ആവശ്യമുള്ളപ്പോൾ ബ്രിട്ടീഷ് സ്ഥാനപതി കാര്യാലയത്തിൻെറ നിരവധി നിലകൾ നടന്ന് കയറുമായിരുന്നെന്ന് പറഞ്ഞു. ബാബുജി ഇങ്ങനെ പറയുമായിരുന്നത്രെ, "ഞാൻ ബലഹീനനാകാം, വിദ്യഭ്യാസമില്ലാത്തവനാകാം പക്ഷെ സാഹചര്യങ്ങൾ ആവശ്യപ്പെട്ടാൽ എനിക്ക് എന്തും ചെയ്യുവാൻ സാധിക്കും". എന്നിട്ട് മാസ്റ്റർ ഇങ്ങനെ കൂട്ടിച്ചേർത്തു, "എൻെറ ഗുരുനാഥൻ ശ്രമിച്ചതിൻെറ നൂറിലൊന്നൊ അല്ലെങ്കിൽ ആയിരത്തിലൊന്നൊ ഞാൻ ശ്രമിക്കേണ്ടതല്ലേ?"

ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും വന്ന അഭ്യാസികളേയും മിഷൻെറ കാര്യാധികാരികളേയും കാണുവാനും മിഷൻെറ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുവാനും അവർക്കാവശ്യമായ മാർഗ്ഗദർശനം നൽകുവാനും കൂടാതെ നിരവധി അഭ്യാസികളോടും അവരുടെ കുട്ടികളോടും അവരുടെ വ്യക്തിപരമായ പ്രശ്നങ്ങൾക്കും ചോദ്യങ്ങൾക്കും സ്നേഹപൂർവ്വം മറുപടി നൽകുവാനും മാസ്റ്റർ സമയം കണ്ടെത്തി.

എപ്പോഴത്തേയും പോലെ ഈ ആഘോഷവേളയിലും കുട്ടികളുടെ സെൻറർ പല കാര്യപരിപാടികളുടേയും ഉത്സാഹത്തിമിർപ്പിൻേറയും കേന്ദ്രമായിരുന്നു. മാജിക്, പാവ കളി, കരകൗശലയിനങ്ങൾ എന്നിങ്ങനെയുള്ള വിവിധ പരിപാടികൾ ഏകദേശം 4200–ഓളം കുട്ടികൾക്ക് രസമേകി.

ക്ഷീണമലട്ടാതേയും തളരാതേയും നിരന്തരം കഠിനാദ്ധ്വാനം ചെയ്യുന്ന, തൻെറ സുഖസൗകര്യങ്ങളെപ്പറ്റി ഒരിക്കൽ പോലും ചിന്തിക്കാതെ തൻെറ മക്കളെയെല്ലാവരേയും ഒരമ്മയെ പോലെ പരിപാലിക്കുന്ന മാസ്റ്റർ – ഇതാണ് നല്ലരീതിയിൽ സംഘടിപ്പിച്ച ഈ ആഘോഷം നമുക്കു നൽകുന്ന സ്മരണ.



ഡൈനിംഗ് ഹാൾ



ധ്യാന മന്ദിരം



കുട്ടികളുടെ സെൻറർ



## മാസ്റ്ററുടെ യാത്രകൾ

### ചെന്നൈ

ആഘോഷങ്ങൾക്കു മുൻപ് മാസ്റ്റർ ചെന്നൈയിൽ തൻെറ ഭവനത്തിലും ആശ്രമത്തിലുമായി മാറി മാറി താമസിച്ചിരുന്നു. ഗായത്രിയിൽ അദ്ദേഹം കാലത്തും വൈകീട്ടും സന്ദർശകരുമായി സമയം ചിലവഴിച്ചു, ഇടയ്ക്കിടെ സത്സംഗങ്ങളും നടത്തി. അദ്ദേഹം മറീന ബീച്ച് സന്ദർശിക്കുകയും അവിടെ അഭ്യാസികളെ കാണുകയും അവരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. ഒരഭ്യാസിയുടെ പങ്കിനെക്കുറിച്ചും, ജീവിതത്തെക്കുറിച്ചുള്ള പ്രതീക്ഷകളെക്കുറിച്ചും ചോദിച്ചപ്പോൾ നിസ്സന്ദേഹം അദ്ദേഹം പറഞ്ഞു, "എന്താണോ ചെയ്യേണ്ടത് അത് യാതൊരുവിധ പ്രതീക്ഷകളും കൂടാതെ ചെയ്യുക. ഇതാണ് കർമ്മയോഗത്തിൻെറ സാരാംശം". തമാശകൾ പറഞ്ഞും ചോദ്യങ്ങൾക്കുള്ള മറുപടികൾ നൽകിയും ഐസ്ക്രീം കഴിച്ചും ഒരു മണിക്കൂറോളം ചിലവഴിച്ച ശേഷം, സമയം നിശ്ചലമായിരുന്നെങ്കിലെന്നാഗ്രഹിച്ചും അദ്ദേഹവുമൊത്ത് ഇനിയും കൂടുതൽ സമയം ചിലവഴിക്കണമെന്നാശിച്ചുമിരിക്കുന്ന അഭ്യാസികൾ നോക്കി നിൽക്കെ അദ്ദേഹം യാത്ര തിരിക്കും. സ്കൂളിലേക്കുള്ള കുറച്ച് സന്ദർശനങ്ങൾക്ക് ശേഷം ജൂലൈ 8–ന് അദ്ദേഹം കൊൽക്കത്തക്ക് പോയി.

### സിലിഗുരി, പശ്ചിമ ബംഗാൾ

ജൂലായ് 9 മുതൽ 11 വരെ മാസ്റ്റർ സിലിഗുരി സന്ദർശിച്ചു. തദ്ദേശത്തുള്ള അഭ്യാസികളെ കൂടാതെ അടുത്തുള്ള സെൻററുകളിലേയും, നേപ്പാളിൽ നിന്നുമുള്ള അഭ്യാസികളും കൂടി ബാഗ്ദോഗരയിൽ അദ്ദേഹത്തെ സ്വാഗതം ചെയ്തു.





ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക



ഈ അടുത്തായി നേപ്പാളിൽ മിഷൻ രജിസ്റ്റർ ചെയ്തിരുന്നു. അവിടുത്തെ ഭാരവാഹികൾക്കായി മാസ്റ്റർ എഴുതിയ സന്ദേശത്തിൽ ഇങ്ങനെ പറഞ്ഞു; "ഇത് തീർച്ചയായും നേപ്പാളിലെ ജനങ്ങൾക്കു വളരെ പ്രധാനപ്പെട്ട ദിവസമാകുന്നു അത് അവർക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ലെങ്കിൽ പോലും. സത്യസന്ധതയോടെയും, സ്നേഹത്തോടേയും പിന്നെ അർപ്പണബോധത്തോടെയും കൂടി അവിടുത്തെ ജനങ്ങൾക്ക് ആദ്ധ്യാത്മിക പരിശീലനം നൽകുന്നതിനായി നാം തയ്യാറാകേണ്ടിയിരിക്കുന്നു." നേപ്പാളിലെ മിഷൻ ഭാരവാഹികളുടെയും പിന്നെ മെമ്പർമാരുടെയും ആദ്യത്തെ കൂടിക്കാഴ്ച്ച ജൂലായ് 10-ാം തീയതി സിലിഗുരി ആശ്രമത്തിൽ നടത്തി.

11-ാം തീയതി ധ്യാനമന്ദിരത്തിൻെറ ഉദ്ഘാടന വേളയിൽ നൽകിയ സന്ദേശത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു. "അഭ്യാസികളുടെ പുറമേയുള്ള പെരുമാറ്റത്തിൽ മാറ്റം അനിവാര്യമണ്. ഇത് വന്നില്ലെങ്കിൽ എല്ലാം വൃഥാവിലാകുന്നു. കഴിഞ്ഞ 40 വർഷമായി ഞാൻ സഹജമാർഗ്ഗത്തിൽ ശ്രദ്ധിക്കുന്ന ഒരു കാര്യമാണ്, നമ്മൾ ഒരു മനുഷ്യനെന്ന രീതിയിൽ ഒട്ടും പുരോഗമിക്കുന്നില്ല, നിങ്ങൾ അകത്തെന്താണെന്ന് മാസ്റ്റർക്കറിയാം, നിങ്ങളുടെ ആദ്ധ്യാത്മിക പുരോഗതി, അകവും പുറവും തമ്മിൽ ഒരേപോലെ സംതുലനം ചെയ്യണം, ചിന്തയും പ്രവൃത്തിയും സംതുലിതമായിരിക്കണം, ഉദ്ദ്യേശിക്കുന്നതു പറയുക പറയുന്നതു പ്രവർത്തിക്കുക. ഇതാകുന്നു സഹജമാർഗ്ഗത്തിൻെറ അടിസ്ഥാന സിദ്ധാന്തം. ഒരു അഭ്യാസിക്കു വേണ്ടുന്ന ഈ അടിസ്ഥാന സിദ്ധാന്തങ്ങൾക്കായി പ്രശിക്ഷകർ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല എന്നു ഞാൻ ശങ്കിക്കുന്നു."

സിലിഗുരി ആശ്രമത്തിൽ ഭക്ഷണത്തിൻേറയും പിന്നെ താമസത്തിൻേറയും ചെലവുകൾ സഹജമാർഗ്ഗ് സ്പിരിച്ചുവാലിറ്റി ഫൗണ്ടേഷൻ ഏറ്റെടുക്കുമെന്നു പ്രഖ്യാപിച്ചു. കിഴക്കും പിന്നെ വടക്കുകിഴക്കുമുള്ള സംസ്ഥാനങ്ങളിലെ അഭ്യാസികൾ ഈ ആശ്രമം റിട്രീറ്റിനായി ഉപയോഗപ്പെടുത്തുമെന്നും ചുരുങ്ങിയത് മൂന്നോ നാലോ പ്രാദേശിക കൂടിച്ചേരലിനായി ഇവിടം വേദിയാകുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

11-ാം തീയതി ഉച്ചകഴിഞ്ഞു മാസ്റ്റർ കൊൽക്കത്തയിലേക്കു തിരിച്ചു. സഹോ. അജയ് ഭട്ടരുടെ വസതിയിൽ 2 ദിവസം താമസിച്ചതിനു ശേഷം കൊൽക്കത്ത ആശ്രമത്തിലേക്കു തിരിച്ചു. ജൂലായ് 14-ാം തീയതി മുതൽ 19-ാം തീയതി വരെയുള്ള സെമിനാറിൽ പങ്കെടുക്കാനായി റഷ്യയിൽ നിന്നും മറ്റു സിഐഎസ് രാജ്യങ്ങളിൽ നിന്നുമായി 300-ൽ പരം അഭ്യാസികൾ എത്തിയിരുന്നു. കാലത്ത് 6 മണി മുതൽ രാത്രി 9 മണി വരെയുള്ള വിവിധ പരിപാടികളിൽ സത്സംഗം, വ്യക്തിഗത സിറ്റിംഗ്, വിവിധ വിഷയങ്ങളെപറ്റിയുള്ള പ്രഭാഷണങ്ങൾ, പിന്നെ ചർച്ച എന്നിവ അടങ്ങിയിരുന്നു. മാസ്റ്റർ വെകുന്നേരങ്ങളിൽ കോട്ടേജിൻെറ മുൻ വശത്തിരുന്ന് അഭ്യാസികളുടെ പ്രശ്നങ്ങൾക്കുത്തരം നൽകിയും സംശയങ്ങളകറ്റിയും സമയം ചിലവഴിച്ചു. അദ്ദേഹം തൻെറ ജീവിതത്തിലെ പല സന്ദർഭങ്ങളും വിവരിച്ചു, അതു വഴി അതിൽ ആഴത്തിൽ അടങ്ങിയിരുന്ന മൂല്യങ്ങൾ പലതും അഭ്യാസികളെ പഠിപ്പിച്ചു.

സെമിനാറിൽ 'മാറ്റത്തിനുള്ള താത്പര്യം', 'സഹജമാർഗ്ഗ പരിശീലനം', 'ചിന്തയുടെ ശക്തി' എന്നീ വിഷയങ്ങളെക്കുറിച്ച് അഭ്യാസികൾ സംസാരിച്ചു. സാധനയിലെ സൂക്ഷ്മ വശങ്ങളെക്കുറിച്ചും അത് നമ്മുടെ ദൈനംദിന ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും മനസ്സിലാക്കാൻ ഈ പ്രഭാഷണങ്ങൾ അവസരമുണ്ടാക്കി.

സന്ദർശകരായ ഈ അഭ്യാസികൾ സഹകരണം പിന്നെ സഹിഷ്ണുത എന്നീ മൂല്യങ്ങൾക്കു പ്രാധാന്യം നൽകി. കൊൽക്കത്തയിലെ ഭയങ്കരമായ ചൂടും പ്രത്യേക കാലാവസ്ഥയും അവരുടെ ആരോഗ്യത്തെ ബാധിച്ചുവെങ്കിലും മാസ്റ്ററോടൊപ്പം കഴിയുക എന്ന ഒറ്റ ലക്ഷ്യം കാരണം അവർ അവയൊന്നും വകവെച്ചില്ല.

## ജയ്പുർ



ലക്നൗ ആഘോഷത്തിനുശേഷം മാസ്റ്റർ ഡൽഹിയിലേക്ക് തിരിച്ചു. ജൂലായ് 29-ന് ഗുർഗാവിൽ നിന്നും റോഡുമാർഗ്ഗം അദ്ദേഹം ജയ്പുറിലേക്ക് യാത്ര തിരിച്ചു. അവിടെ ഏതാണ്ട് 300 അഭ്യാസികൾ അദ്ദേഹത്തെ ഊഷ്മളമായി വരവേറ്റു. അദ്ദേഹം പുതുതായി പണിത മാസ്റ്ററുടെ വസതി ഉദ്ഘാടനം ചെയ്തു. വസതി മുഴുവനും നോക്കി കാണവെ അദ്ദേഹം ഓരോ നിർമ്മാണ പ്രവർത്തനങ്ങളിലെയും വിശദാംശങ്ങൾ ചോദിച്ചറിഞ്ഞു. റോഡു മാർഗ്ഗം സഞ്ചരിക്കുമ്പോൾ താൻ ഉന്മേഷവാനാണെന്നും അതേസമയം ഒരു മണിക്കൂർ പ്ലെയിനിൽ സഞ്ചരിക്കുമ്പോൾ തന്നെ ക്ഷീണം അനുഭവപ്പെടുന്നെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. വരാന്തയിലുണ്ടായിരുന്ന ഊഞ്ഞാലിലിരുന്ന് അദ്ദേഹം അവിടെ കൂടിയിരുന്ന അഭ്യാസികളോട് സംസാരിച്ചു.

വൈകുന്നേരം അദ്ദേഹം കോട്ടേജിനു പുറത്തുള്ള പുൽതകിടിയിൽ ഒരു മണിക്കൂർ ചിലവഴിച്ചു. ഇതിനിടയിൽ നടത്തിയ ഒരു അനൗപചാരിക സംഭാഷണത്തിൽ അദ്ദേഹം താനെപ്പോഴും സന്തോഷവാനാണെന്ന് പറഞ്ഞു. ഏതൊരു സന്ദർഭത്തിലും നമ്മൾ എപ്പോഴും സന്തോഷവാന്മാരായിരിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.





ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക


ജയ്പൂറിലെ ധ്യാനമന്ദിരം


ജയ്പൂറിലെ കോട്ടേജിലെ പുൽതകിടി

30–ാം തീയതി രാവിലെ അദ്ദേഹം പുതിയ ധ്യാന മന്ദിരം അദ്ദേഹത്തിൻെറ ഗുരുവായ ബാബുജി മഹരാജിന് സമർപ്പിച്ചുകൊണ്ട് ഉദ്ഘാടനം നിർവ്വഹിച്ചു. 9 മണിക്ക് അദ്ദേഹം നടത്തിയ സത്സംഗത്തിൽ രാജസ്ഥാനിൽ നിന്നും, പുറം രാജ്യങ്ങളിൽ നിന്നും അടുത്തുള്ള സംസ്ഥാനങ്ങളിൽ നിന്നുമായി 1500 പേർ പങ്കെടുത്തു. സത്സംഗത്തിനുശേഷം അദ്ദേഹം ഗോൾഫ് വാഹനത്തിൽ ആശ്രമം ചുറ്റി കണ്ടു. ഗ്രാമ മുഖ്യനും മറ്റും മാസ്റ്ററെ പരമ്പരാഗത രീതിയിൽ സ്വാഗതം ചെയ്തു. മാസ്റ്റർ എല്ലാവരെയും അനുഗ്രഹിച്ച് പ്രസാദം വിതരണം ചെയ്തു.

വൈകുന്നേരം പുൽതകിടിയിൽ ഇരിക്കുകയായിരുന്ന അദ്ദേഹം ഒരു മണിക്കൂർ നേരം അഭ്യാസികളോട് സല്ലപിച്ചും, പദ്യങ്ങളും കുട്ടികളുടെ പാട്ടുകളും കേൾക്കുകയും, അഭ്യാസികളുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും മറുപടി നൽകുകയും ചെയ്തു.

31–ാം തീയതി രാവിലെ അദ്ദേഹം സത്സംഗം നടത്തി. വൈകുന്നേരം അദ്ദേഹം 200–ൽ പരം മറുനാടൻ അഭ്യാസികളെ തൻെറ കോട്ടേജിൽ വരുത്തി സിറ്റിംഗ് നൽകി.

ആഗസ്റ്റ് 1–ാം തീയതി സത്സംഗത്തിനു ശേഷം മാസ്റ്റർ സഹോ. രൻജനയുടെ ഭജൻ ആലാപനം ശ്രവിക്കുകയും അതിനുശേഷം അവിടെ കൂടിയിരുന്നവരെ അഭിസംബോധന ചെയ്യുകയും ചെയ്തു. ആശ്രമവും അതിനോടു തൊട്ടുള്ള 'മാസ്റ്റേർസ് ക്രിയേഷൻ' എന്ന അഭ്യാസി കോളനിയും കാണുവാൻ അദ്ദേഹം സമയം കണ്ടെത്തി. ആശ്രമത്തിൻെറ വിസ്തീർണ്ണം 10 ഏക്കറും കോളനിയുടെ വിസ്തീർണ്ണം 20 ഏക്കറുമാണ്.

ദിവസം മുഴുവനും അദ്ദേഹം അഭ്യാസികളുമായി ഇടപഴകി. ഉച്ചയ്ക്ക് 3 മണിയോടെ അദ്ദേഹം അവിടെ നിന്നും വായു മാർഗ്ഗം മുംബൈയിലേക്ക് യാത്ര തിരിച്ചു. അവിടെ ചിലവഴിച്ചിരുന്ന സമയം, ഓഫീസ് കാര്യങ്ങളിലും, ഇമെയിലുകൾക്ക് മറുപടി നൽകുന്നതിലും മറ്റു ഭരണകാര്യങ്ങളിലും അദ്ദേഹം വ്യാപൃതനായിരുന്നു.

## മുംബൈ

മുംബൈ അഭ്യാസികളെ അദ്ഭുതപ്പെടുത്തിക്കൊണ്ടായിരുന്നു മാസ്റ്റർ ആഗസ്റ്റ് 1–ന് അവിടെയെത്തിയത്. മിക്കവരും ലക്നൗവിൽ നിന്നും തിരിച്ചെത്തിയതേയുണ്ടായിരുന്നുള്ളു. കനത്ത മഴയായിരുന്നിട്ടും എല്ലാവരും മാസ്റ്ററെ വരവേൽക്കാൻ അത്യുത്സാഹം പ്രവർത്തിച്ചു. മുംബൈയിൽ നിന്നും സമീപ പ്രദേശങ്ങളിലെ സെൻററുകളിൽ നിന്നുമായി ഏതാണ്ട് 1500–ഓളം പേർ പൻവേൽ ആശ്രമത്തിൽ സന്നിഹിതരായിരുന്നു.
ജയ്പൂറിൽ നിന്നും രാത്രി 7:20–ന് എത്തിയ മാസ്റ്റർ നേരെ ആശ്രമത്തിലേക്കാണ് പോയത്. ഉത്സാഹികളായ യുവ അഭ്യാസികൾ പ്രത്യേകം തയ്യാറാക്കിയ ഒരു ഗാനത്തോടെയാണ് അദ്ദേഹത്തെ സ്വീകരിച്ചത്. എല്ലാവരുടെയും കൂടെ അദ്ദേഹം വളരെ സന്തോഷവാനും ഉത്സാഹഭരിതനുമായിരുന്നു. വിശ്രമത്തിൻെറ ആവശ്യകത തള്ളിക്കളഞ്ഞ് അദ്ദേഹം ആദ്യം അഭ്യാസികളെ കാണണമെന്ന് പറഞ്ഞു. തങ്ങളുടെ പ്രിയപ്പെട്ടവനെ ഒരു നോക്കു കാണുന്നതിനായി കാംക്ഷിച്ച ഹൃദയങ്ങൾക്ക് സാന്ത്വനമേകി ക്കൊണ്ട് അദ്ദേഹം ഡൈനിംഗ് ഹാളിലെത്തി.


പൻവേൽ ആശ്രമം

അടുത്ത ദിവസം രാവിലെ എല്ലാവരെയും അദ്ഭുതപ്പെടുത്തിക്കൊണ്ട് അദ്ദേഹം ധ്യാന മന്ദിരത്തിനടുത്തുള്ള ടെറസ്സിൽ അൽപസമയം ചിലവഴിച്ചു. അൽപനേരം അവിടുത്തെ തണുത്ത കാറ്റാസ്വദിച്ചതിനുശേഷം അദ്ദേഹം സത്സംഗം നടത്തുന്നതിനായി നേരെ ധ്യാന മന്ദിരത്തിലേക്കു പോയി. ദിവസം മുഴുവനും അദ്ദേഹം അഭ്യാസികളുമായി ഇടപഴകുന്നതിലും തൻെറ ജോലി ചെയ്യുന്നതിലും വ്യാപൃതനായിരുന്നു. വൈകുന്നേരം 3:30–ന് അഭ്യാസികൾ അദ്ദേഹത്തെ ഡൈനിംഗ് ഹാളിലുള്ള എല്ലാവരുമൊത്ത് ഒരു ചായ സത്കാരത്തിനായി ക്ഷണിച്ചു. മാസ്റ്റർ എല്ലാവരുമൊത്ത് അവിടെ അര മണിക്കൂർ നേരം കാപ്പിക്കൊപ്പം ലഘുപലഹാരങ്ങൾ കഴിക്കാൻ ചിലവഴിച്ചു. തുടർന്ന് അദ്ദേഹം 5:30–ന് സത്സംഗം നടത്തി.

3–ാം തീയതി രാവിലെ 7:30–ന് സത്സംഗം നടത്തിയ ശേഷം അദ്ദേഹം ഒരു വിവാഹത്തിന് കാർമ്മികത്വം വഹിച്ചു. വളരെ പ്രധാനപ്പെട്ട ചിന്തയുണർത്തുന്ന ഒരു പ്രസംഗത്തിൽ അദ്ദേഹം ലളിതമായും സന്തുഷ്ടരായും കഴിയേണ്ടതിൻെറ ആവശ്യകതയെപ്പറ്റി സംസാരിച്ചു. തുടർന്ന് അദ്ദേഹം തൻെറ ചില സ്വകാര്യ സന്ദർശനങ്ങൾക്കായി പോവുകയും ആഗസ്റ്റ് 5–ന് തിരിച്ച് ചെന്നൈയിലേക്ക് യാത്ര തിരിക്കുകയും ചെയ്തു.

## ചെന്നൈ

8–ാം തീയതി കാലത്തെ സത്സംഗം മാസ്റ്റർ നൽകിയതിലുള്ള സന്തോഷം അഭ്യാസികളുടെ മുഖത്ത് വ്യക്തമായി കണുവാൻ കഴിഞ്ഞു. 9–ാം തീയതി അദ്ദേഹം ഗായത്രിയിലേക്കു തിരിച്ചു. വൈകുന്നേരം അഭ്യാസികളുടെ ചുമതലകളെക്കുറിച്ചും വിവിധ സംസ്കാരങ്ങളെക്കുറിച്ചും സംസാരിച്ചു.

14–ാം തീയതി വൈകുന്നേരം ഒമേഗാ സ്കൂളിൻെറ ഹോസ്റ്റെൽ സന്ദർശിച്ച് അവിടുത്തെ വിദ്യാർത്ഥികളുമൊത്ത് അത്താഴം കഴിച്ചു. മാസ്റ്റർ വളരെ ഉത്സാഹഭരിതനായിരുന്നു. വിദ്യാർത്ഥികളുടെ എല്ലാ ചോദ്യത്തിനും ഉത്തരം നൽകുകയും, ഒരു പ്രഭാഷണം നൽകുകയും, വിവിധ സ്കൂളുകൾ നടത്തിയ ഗ്രൂപ്പ് സംഗീത മത്സരത്തിൽ ജേതാക്കളായി വന്ന വിദ്യാർത്ഥികളുടെ സംഗീതം ആസ്വദിക്കുകയും ചെയ്തു. സംഗീതം ആത്മാവിനു ഉത്തേജനം നൽകുമെന്നു പറഞ്ഞ അദ്ദേഹം സ്കൂളിൽ ധാരാളം സംഗീതവും, ഗാനങ്ങളും ഉണ്ടാവട്ടെ എന്നാശംസിച്ചു. എല്ലാവരും മാസ്റ്ററോടൊപ്പം സമയം ചിലവഴിച്ച് അദ്ദേഹത്തിൻെറ അനുഗ്രഹം നേടിയതിൽ സന്തോഷിച്ചു.

ആഗസ്റ്റ് 16 മുതൽ 20 വരെയുള്ള വടക്കൻ അമേരിക്കൻ സെമിനാറിൽ പങ്കെടുക്കുന്നതിനായി 800–ൽ പരം അഭ്യാസികളും 200 കുട്ടികളും വടക്കൻ അമേരിക്കയിൽ നിന്നും മണപ്പാക്കത്ത് എത്തിച്ചേർന്നിരുന്നു. മാസ്റ്ററോടൊപ്പമുള്ള സത്സംഗവും പിന്നെ മാസ്റ്റർ നൽകിയ പ്രഭാഷണവുമായിരുന്നു എടുത്തുപറയേണ്ട കാര്യം. സഹോ. കണ്ണനും, സഹോ. പി.ആർ.കൃഷ്ണയും നടത്തിയ പ്രസംഗങ്ങൾ,


ഒമേഗാ സ്കൂളിലെ കുട്ടികൾക്കൊപ്പം

ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

എസ്ആർസിഎം അമേരിക്കയുടെയും എസ്ആർസിഎം കാനഡയുടെയും ഭാരവാഹികളുടെ വാർഷിക ജനറൽ ബോഡി മീറ്റിംഗ്, പുതിയ അഭ്യാസികളുമായുള്ള മാസ്റ്ററുടെ കൂടിക്കാഴ്ച, പ്രിഫക്റ്റുകളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും കൂടിക്കാഴ്ച, ഒമേഗാ സ്കൂൾ സന്ദർശനങ്ങൾ, ചോദ്യോത്തര വേളകൾ, വടക്കൻ അമേരിക്കയിലെ അഭ്യാസികളും കുട്ടികളും നടത്തിയ സാംസ്കാരിക പരിപാടികൾ എന്നിവയായിരുന്നു ഈ സെമിനാറിലെ മറ്റു പ്രധാന പരിപാടികൾ.

ആദ്യ സിറ്റിംഗ് മുതൽ തന്നെ കഥകളിലെന്നപോലെ മാന്ത്രികമായ വശ്യതയാൽ എല്ലാവരും ഗൃഹത്തെ ആസ്പദമായ അനാവശ്യ ചിന്തകളിൽ നിന്നും ആധികളിൽ നിന്നും മുക്തി നേടി. അമേരിക്കൻ ജനറൽ ബോഡി മീറ്റിങ്ങിനെ അഭിസംബോധന ചെയ്യവെ മാസ്റ്റർ നമുക്കു ലഭിക്കുന്ന അനന്തമായ അവസരങ്ങൾ ശരിയായി ഉപയുക്തമാക്കണമെന്നും അവ മൂടപ്പെടാൻ അനുവദിക്കരുതെന്നും അഭിപ്രായപ്പെട്ടു... "അണ്ണാന്മാർ സാധാരണ കായകൾ ശേഖരിച്ചു മൂടി വെക്കും; എന്നാൽ അതി ശൈത്യത്തിൽ പലപ്പോഴും അവ ആ ശേഖരണത്തിന്റെ മുകളിൽ തന്നെ മരിക്കുകയാണ് ചെയ്യുന്നത്."

എല്ലാവർക്കും ദീപനാളത്തിന്റെ അടുത്തെത്തുവാൻ അവസരമൊരുക്കിക്കൊണ്ട് സെമിനാറിന്റെ കാലയളവിലുടനീളം മാസ്റ്ററുടെ കോട്ടേജിന്റെ വാതിലുകൾ ചിലനേരങ്ങളിൽ തുറന്നു കിടന്നു. ഇത് നമ്മുടെ ലക്ഷ്യത്തിലേക്കെത്തുവാനുള്ള മാർഗ്ഗമെന്തെന്ന് പറഞ്ഞുതരുവാനെന്നപോലെ ഉദാരവും നിർദ്ദേശപരവുമായിരുന്നു. സഹോദരീ സഹോദരന്മാരെ നിങ്ങളുടെ രാജ്യത്തിന്റെ മാറ്റം നിങ്ങളിൽ നിന്നുമാണ് തുടങ്ങുന്നതും അവസാനിക്കുന്നതും, നിങ്ങളുടെ ഹൃദയം തുറന്നിടുക; അത് ഒരിക്കലും അടയാൻ അനുവദിക്കാതിരിക്കുക. ആഗസ്റ്റ് 20 വെള്ളിയാഴ്ച സെമിനാർ അവസാനിച്ചു. അദ്ദേഹത്തിന്റെ സ്നേഹത്താൽ ഹൃദയം നിറഞ്ഞു കവിയുകയായിരുന്ന അഭ്യാസികൾ അദ്ദേഹത്തോടൊപ്പം ഇനിയും സമയം ചിലവഴിക്കാൻ അത്യാകാംക്ഷയോടെ കഴിയുകയായിരുന്നു.



## പുതിയ പ്രസിദ്ധീകരണങ്ങൾ

ലക്നൗ ആഘോഷത്തോടനുബന്ധിച്ച് കുറേ പുതിയ പ്രസിദ്ധീകരണങ്ങൾ പ്രകാശനം ചെയ്യുകയുണ്ടായി. അവ താഴെ പറയുന്ന പുസ്തകങ്ങളാണ്.

സഹജ മാർഗ്ഗത്തിന്റെ ദശസൂക്തങ്ങളെ ലളിതമായ രീതിയിൽ അവതരിപ്പിച്ചു കൊണ്ട് ജർമ്മനിയിലെ സഹോ.ബ്രിജിറ്റ് സ്മിത്ത് എഴുതിയ ഈ പുസ്തകം കുട്ടികൾക്കും മാതാപിതാക്കൾക്കും വളരെ പ്രായോജനപ്പെടുന്നതാണ്.






'അദ്ദേഹവും ഹൂക്കയും ഞാനും' എന്ന സീരീസിലെ രണ്ടാമത്തെ പുസ്തകമായ 'ഹബ്ബിൾ ബബ്ബിളിന്റെ' പരിഭാഷ ഒരേ സമയം ആറു ഭാഷകളിൽ പ്രകാശനം ചെയ്തു. ഇത് മറാഠി, ഗുജറാത്തി, കന്നഡ, തമിഴ്, തെലുങ്ക്, മലയാളം എന്നീ ഇന്ത്യൻ ഭാഷകളിൽ ലഭ്യമാണ്.




വാട്ട് ഈസ് സഹജ്മാർഗ്ഗ്
സ്പാനിഷ്




ഇൻ ഹിസ് ഫുട്സ്റ്റെപ്സ്
വാല്യം 1
ഇറ്റാല്യൻ




പ്രിഫെക്റ്റ് ഡയറക്റ്ററി




കാൾ ഓഫ് സ്പിരിച്ചാലിറ്റി
വാല്യം 1 2
ഇംഗ്ലീഷ്



റോൾ ഓഫ് ദ മാസ്റ്റർഇൻ ഹ്യൂമൻ എവൊല്യൂഷൻ
ആസ്സാമീസ്




ഗുരു ആൻറ് ദ ഗോൾ
ഹിന്ദി




ഹാർട്ട് സ്പീക്ക് 2005
ഹിന്ദി




റിയാലിറ്റി അറ്റ് ഡോൺ
നേപ്പാളി




ലീവ്സ് ഫ്രം ദ ട്രീ ഓഫ് ലൈഫ്
ഇംഗ്ലീഷ്




പ്രിസെപ്റ്റേർസ് ജേർണൽ




യൂത്ത് ഡയറി

ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

# ഭൂതകാലത്തിലേക്കൊരു എത്തിനോട്ടം

## ലാലാജി മഹാരാജിൻെറ നൂറാം ജന്മദിനാഘോഷ പരിപാടി, മദ്രാസ്, 1973





മാസ്റ്റർ തൻെറ ഡയറിയിൽ ഭംഗിയായി വിശദീകരിച്ചിട്ടുള്ള ഈ പരിപാടി 'ഇൻ ഹിസ് ഫുട്സ്റ്റെപ്സ് വാല്യം 2'-ൻെറ ഭാഗമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. നമ്മുടെ പ്രിയങ്കരിയായ മാമിയുടെ നേതൃത്വത്തിൽ ഒരു സംഘം നടത്തിയ പ്രാർത്ഥനയോടെയാണ് ഈ ആഘോഷം ആരംഭിച്ചത്. തുടർന്ന് മാസ്റ്റർ ബാബൂജിയെ മുല്ലപ്പൂവും റോസാപുഷ്പങ്ങളും കൊണ്ട് തീർത്ത ഒരു വലിയ ഹാരമണിയിച്ചു. ഇത് മധുരൈയിൽ നിന്നും പ്രത്യേകമായി വരുത്തിച്ചതായിരുന്നു. ലാലാജിയുടെ കൃതിയായ 'ട്രൂത്ത് ഇറ്റേർണലിൻെറ' ഒരു പ്രത്യേക പ്രസിദ്ധീകരണം ഈ അവസരത്തിൽ പ്രകാശനം ചെയ്യുകയുണ്ടായി. അച്ചടിച്ച 500 കോപ്പികളും 10 രൂപ വിലയിൽ അപ്പോൾ തന്നെ വിറ്റഴിഞ്ഞു.

സെൻറിനറി സോവനീറിൽ പ്രസിദ്ധീകരിച്ച പ്രസംഗം ബാബുജി തന്നെ വായിച്ചതായി മാസ്റ്റർ ഓർമ്മിക്കുന്നു, എന്നിട്ട് ഇങ്ങനെ എഴുതി " അദ്ദേഹം മുൻപേ തയ്യാറാക്കിയ പ്രസംഗം ഏതാണ്ട് 20 മിനിറ്റോളം വായിച്ചു, അതിനിടയിൽ ലാലാജിയെ ഉദ്ധരിച്ചപ്പോൾ രണ്ടു പ്രാവശ്യം വികാരഭരിതനാവുകയും ചെയ്തു. ഒരു തവണ അദ്ദേഹത്തിൻെറ കണ്ണുകൾ നിറഞ്ഞു കവിഞ്ഞതിനാൽ, അവിടെ നിർത്തി കണ്ണുകൾ ഒപ്പിയതിനു ശേഷമേ അദ്ദേഹത്തിനു തുടർന്നു വായിക്കാൻ സാധിച്ചുള്ളൂ! അദ്ദേഹത്തിന് തൻെറ ഗുരുനാഥനോട് എന്തൊരു സ്നേഹവും ആരാധനയുമാണ്! നമുക്ക് നമ്മുടെ മാസ്റ്ററോട് ഇത്തരത്തിൽ സ്നേഹം കാഴ്ചവെക്കാൻ പറ്റുമോ?"

ബാബുജിയുടെ സന്ദേശം നമ്മിലുണർത്തുന്നത് വിശദീകരിക്കാൻ പറ്റാത്ത ഒരു വികാരമാണ്. അത് നമ്മളെനമ്മുടെ ഹൃദയത്തിൻെറ അടിത്തട്ടിലേക്കു കൊണ്ടുപോയി ജീവിതത്തിൻെറ യഥാർത്ഥ ലക്ഷ്യത്തേയും നമ്മുടെ പ്രിയപ്പെട്ടവനുമായുള്ള അനശ്വരമായ ബന്ധത്തേയും ഓർമ്മിപ്പിക്കുന്നു.

ബാബൂജി മഹാരാജിനെ ഈ ആഘോഷത്തിൻെറ സംഘാടനാരീതി വളരെയധികം സംതൃപ്തനാക്കിയതായി മാസ്റ്റർ ഓർക്കുന്നു. 1973 ഫെബ്രുവരി 27-ന് അദ്ദേഹം ഇങ്ങനെ എഴുതി: "മാസ്റ്റർ വൈകുന്നേരം ഗായത്രിയിലേക്കു വരികയും ഞങ്ങൾ ഒറ്റയ്ക്കായപ്പോൾ എന്നെ ആശ്ലേഷിച്ചുകൊണ്ട് ഇങ്ങനെ പറയുകയും ചെയ്തു, 'ഞാൻ നിന്നിൽ സന്തുഷ്ടനാണ്, നിങ്ങൾ ഒരു വലിയകാര്യമാണ് ചെയ്തത്'." നമ്മളുടെ സ്നേഹത്താലും ശ്രദ്ധയാലും പ്രതിജ്ഞാബദ്ധതയാലും ഇത്തരം സന്തോഷം നമ്മുടെ മാസ്റ്ററിലും ഉളവാക്കാൻ നമുക്കു കഴിയുമാറാവട്ടെ എന്ന് നമുക്ക് പ്രത്യാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

<u>ഈ ആഘോഷത്തിൽ ബാബുജി മഹാരാജ് നൽകിയ പ്രസംഗത്തിൽ നിന്നും ഏതാനും ഭാഗങ്ങൾ:</u>

"ഈ അവസരം നമ്മൾ മാസ്റ്ററിൽ അലിഞ്ഞുചേരുവാൻ വേണ്ടി ഉപയോഗിക്കണം, മാസ്റ്ററിൽ മാത്രം. അത് നമ്മുടെ ആത്മീയ ഉന്നമനത്തിന് ആഹാരവും ഉത്തേജനവുമായി പ്രവർത്തിക്കും. നമുക്കു ചുറ്റുമുള്ള എല്ലാ വസ്തുക്കളിൽ നിന്നും നാം സ്മരിക്കുന്നതെന്തിനെയോ അത് പുറത്തുവരുന്നതായി നമുക്കു കാണുമാറാകണം! നശ്വരമായ എന്തിനും അതാണ് യഥാർത്ഥ സ്മരണ. ഇത് നമ്മുടെ നല്ലതിനായുള്ള പ്രവർത്തനമാണ്"

"ഒരു മനുഷ്യന് തൻെറ ജീവിതത്തിലെ പ്രശ്നങ്ങളെ വേഗത്തിൽ അതിജീവിക്കാൻ സാധിക്കണമെങ്കിൽ അവൻ തൻെറ മനസ്സിന് ശരിയായ രീതിയിലുള്ള ആശയങ്ങൾ നൽകണം.ഈ അവസ്ഥ പരിശീലനത്തിലൂടെയും ശരിയായി സ്വയം വാർത്തെടുക്കുന്നതിലൂടെയും ലഭിക്കുന്നതാണ്. തൻെറ ദൈവീകമായ അവസ്ഥയിൽ മുഴുകിയിരിക്കാൻ എളുപ്പമാണ്. അതാണ് യഥാർത്ഥ പരിണാമം. ഉണ്മയിൽ ചേരുന്നതിനായുള്ള ഒരു ചെറിയ അനുകൂല പ്രവൃത്തി ഭാവി നെയ്തുണ്ടാക്കുവാൻ തുടങ്ങും."

## അഖിലേന്ത്യാ പ്രബന്ധരചനാ സംരംഭം, 2010

ആഗസ്റ്റ് 2010-2011 യുവാക്കളുടെ അന്തർദേശീയ വർഷമായി ഐക്യരാഷ്ട്രസഭ കൊണ്ടാടുന്നതിനോടനുബന്ധിച്ച് ശ്രീ രാം ചന്ദ്ര മിഷനും യുഎൻ ഇൻഫർമേഷൻ സെൻറർ ഫോർ ഇന്ത്യ ഭൂട്ടാനുമായി ചേർന്ന് സംഘടിപ്പിക്കുന്നതാണ് ഈ പരിപാടി. ഇംഗ്ലീഷ്, ഗുജറാത്തി, ഹിന്ദി, കന്നഡ, മലയാളം, മറാഠി, തമിഴ്, തെലുങ്ക് എന്നീ ഭാഷകളിൽ വിദ്യാർത്ഥികൾക്ക് പ്രബന്ധമെഴുതാവുന്നതാണ്. ഇതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി നിങ്ങളുടെ വിദ്യാലയത്തിൻെറ തലവനുമായി സംസാരിക്കുകയോ ഞങ്ങളുമായി ഇമെയിലിൽ (essay2010@sahajmarg.org) എന്ന വിലാസത്തിൽ ബന്ധപ്പെടുകയോ ചെയ്യുക.

ഇതിനായുള്ള ലഘുലേഖകളും പ്രാദേശിക ഭാഷയിലുള്ള പത്രികകളും( ഇംഗ്ലീഷ്, ഗുജറാത്തി, ഹിന്ദി, കന്നഡ, മലയാളം, മറാഠി, തമിഴ്, തെലുങ്ക്) മിഷൻ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

"സ്വഭാവം ജീവിതത്തെ സംരക്ഷിക്കും"
( 6 മുതൽ 9 വരെയുള്ള ക്ലാസ്സുകൾ)

"സ്വാതന്ത്ര്യമെന്നാൽ ദുർവിനിയോഗത്തിനുള്ള അനുമതിപത്രമല്ല, അവനവന് ശരിയായത് തിരഞ്ഞെടുക്കുവാനുള്ള വിവേകമാണ്"
(10 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ)

"അഭിലാഷതലത്തിൽ നിന്ന് ഉത്കർഷേച്ഛയിലേക്ക്; നേടുക എന്നതിൽ നിന്ന് പരിണമിക്കുക എന്ന അവസ്ഥയിലേക്ക്"
(ബിരുദം/ ബിരുദാനന്തര ബിരുദം)

## പുതിയ നിയമനങ്ങൾ

2010 ആഗസ്റ്റ് 24-ന് സംപൂജ്യനായ മാസ്റ്റർ താഴെ പറയുന്ന നിയമനങ്ങൾ നടത്തി

സഹോ. പി.സി.ജോഫ്രി
മാനേജർ സിലിഗുരി ആശ്രമം

സഹോ എസ്.എസ്.മർഗൊഡ്
മാനേജർ ക്രെസ്റ്റ് ബാംഗ്ലൂർ

## കത്തിടപാടിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

മാസ്റ്ററുമായുള്ള കത്തിടപാടുനടത്തുന്നതിനായി പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ താഴെ പറയുന്ന അഡ്രസ്സിൽ ലഭ്യമാണ്. ഏല്ലാ അഭ്യാസികളോടും ഇതു പുന:പരിശോധിക്കുവാനും പാലിക്കുവാനും അഭ്യർത്ഥിക്കുന്നു.
Http://www.sahajmarg.org/resources/correspondence-guidelines

## പരിഭാഷകരെ ആവശ്യമുണ്ട്

ഇക്കോസ് ഇന്ത്യ ടീമിൽ പരിഭാഷയ്ക്കായി വളൻറിയർമാരെ ആവശ്യമുണ്ട്. ഇംഗ്ലീഷ് വാർത്താപത്രിക ഹിന്ദി, മറാഠി, ഗുജറാത്തി, ബംഗാളി, തെലുങ്ക്, തമിഴ്, കന്നഡ, മലയാളം എന്നീ ഭാഷകളിലേക്ക് തർജ്ജമ ചെയ്യുവാനാണ് വളൻറിയർമാരെ ആവശ്യം. നിങ്ങൾ തർജ്ജമ ചെയ്യുകയും അത് ടൈപ് ചെയ്യുകയും വേണ്ടി വരും. താത്പര്യമുള്ളവർ നിങ്ങളുടെ പശ്ചാത്തലം, സമയലഭ്യത, കമ്പ്യൂട്ടർ പരിജ്ഞാനം എന്നിവ in.newsletter@srcm.org എന്ന ഇമെയിൽ വിലാസത്തിലേക്ക് അയച്ചുതരുവാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ രാം ചന്ദ്ര മിഷൻ®
എക്രോസ് ഇന്ത്യ വാർത്താപത്രിക


യെൽബർഗ

# അറിവിലും പരിശീലനത്തിലും ഉന്നത പരിശീലനം

## ഉത്തര കർണ്ണാടക

ബസവനഗർ, ബീജാപൂർ, ഗദഗ്, യെൽബർഗ, ഹുബ്ലി, ധാർവാഡ്, ബേലൂർ, കല്ലൂർ, നവനഗർ എന്നീ സ്ഥലങ്ങളിൽ വെച്ച് പുതിയ അഭ്യാസികൾക്കു വേണ്ടി ഒരു പരിശീലന ശൃംഖല തന്നെ സംഘടിപ്പിക്കുകയുണ്ടായി. സഹോ. നിജലിംഗപ്പ, സഹോ. ഡോ.ഗജേന്ദ്ര സിംഗ്, സഹോ. അജിത് കാമത്ത്, സഹോ. സുജാത നവാലേ, സഹോ. ഗീത ഡി, സഹോ. പ്രഹ്ലാദ് പാക്നിക്കർ, സഹോ. ഗീത രശ്മി, സഹോ. രാജു കഷാമ്പുർക്കാർ മുതലായവരാണ് ദൃശ്യ ശ്രവണ മാദ്ധ്യമങ്ങളുടെ സഹായത്തോടെ ഈ പരിശീലനം പൂർത്തീകരിച്ചത്. കൂടാതെ എസ്എംആർടിഐ കന്നഡ ഭാഷയിൽ തയ്യാറാക്കിയ പുതിയ അഭ്യാസികൾക്കായുള്ള പരിപാടിയും നടത്തി.


ബസവകല്യാൺ



ഗദഗ്

അടിസ്ഥാന പരിശീലനം, ധ്യാനം, ശുദ്ധീകരണം, ഡയറി എഴുതൽ, പ്രാർഥന, ഭണ്ഡാരകൾ, മിഷന്റെ ലക്ഷ്യങ്ങൾ, മാസ്റ്റർമാരെ കുറിച്ച് ഒരു ലഘു വിവരണം, സഹോദര സ്ഥാപനങ്ങളായ എസ്എംആർടിഐ, ക്രെസ്റ്റ്, റിട്രീറ്റ് കേന്ദ്രങ്ങൾ എന്നിവയായിരുന്നു പരിപാടിയിലെ പ്രതിപാദ്യ വിഷയം.

## ആന്ധ്രപ്രദേശ്

ജൂലായ് 18-ന് കർണൂലിൽ വെച്ച് ഒരു സമ്പൂർണ്ണ അഭ്യാസി പരിശീലന പരിപാടിയുടെ (ഒന്നാം ഭാഗം) സംഘടിപ്പിക്കുകയുണ്ടായി. ഒരു വർഷമായി സഹജമാർഗ്ഗം പരിശീലിക്കുന്നവരും, യുവാക്കളും ആയിരുന്നു ഈ പരിപാടിയിൽ പ്രധാനമായും പങ്കെടുത്തവർ. ഉത്സാഹ ജനകമായ പ്രതികരണമാണ് ഇതിന് ലഭിച്ചത്. ദൃശ്യ ശ്രവണ മാദ്ധ്യമങ്ങൾ വഴിയുള്ള മാസ്റ്ററുടെ വിശദീകരണങ്ങളിൽ കൂടി തങ്ങളുടെ സാധനയിലുണ്ടായ പല സംശയങ്ങളും ദൂരീകരിക്കപ്പെട്ടു എന്നവർ അഭിപ്രായപ്പെട്ടു. വളരെ ഫലപ്രദമായ ഈ പരിശീലനംകൊണ്ട് എസ്എംഎസ്എഫിന്റെ വിവിധ പ്രവർത്തന മേഖലകളായ "ക്രെസ്റ്റ്, റിട്രീറ്റ് സെൻറർ" എന്നിവയെക്കുറിച്ച് കൂടുതൽ അറിയുവാൻ സാധിച്ചു എന്നവർ അഭിപ്രായപ്പെട്ടു.


കർണൂൽ

ഇതേ പരിപാടി ആഗസ്റ്റ് 8-ന് തെലുങ്കിൽ യെമ്മിഗാനൂർ കേന്ദ്രത്തിൽ വെച്ചും നടത്തുകയുണ്ടായി. മുപ്പതോളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു. ഇതിൽ പങ്കെടുത്തവരിൽ ഭൂരിഭാഗവും കഴിഞ്ഞ ഒരു വർഷമോ അതിൽ കൂടുതലോ ആയി പരിശീലനം ചെയ്യുന്നവരായിരുന്നു. വളരെയധികം പേർ സജീവമായി നീണ്ട ചർച്ചകളിൽ പങ്കെടുത്തു. ഭൂരിപക്ഷം പേരും പരിശീലനം തുടങ്ങിയ ശേഷം പങ്കെടുക്കുന്ന ആദ്യത്തെ പരിപാടിയായിരുന്നു ഇത്.


യെമ്മിഗാനൂർ

## തമിഴ്നാട്

ജൂൺ 25 മുതൽ 27 വരെ തിരുപ്പൂരിലെ ചെട്ടിപാളയത്തുള്ള യോഗാശ്രമത്തിൽ വെച്ച് മൂന്നു ദിവസത്തെ ഒരു അഭ്യാസിപരിശീലന പരിപാടി നടത്തുകയുണ്ടായി. 19 കേന്ദ്രങ്ങളിൽ നിന്നായി 69 അഭ്യാസികൾ ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തു. ദക്ഷിണ തമിഴ്നാട് സോണൽ ഇൻ ചാർജ് സഹോ. വിശ്വനാഥ റാവുവിന്റെ സ്വാഗതപ്രസംഗത്തോടുകൂടി പരിപാടി ആരംഭിച്ചു. സഹോ. ധനുമൂർത്തിയും സഹോ. രമ്യാ രാമപ്രഭുവും ചേർന്ന് തമിഴിലാണ് ഈ പരിപാടി നടത്തിയത്. ആദ്യ ദിവസം സഹജമാർഗ ധ്യാനം, ശുദ്ധീകരണം, പ്രാർഥന എന്നീ വിഷയങ്ങളാണ് അവതരിപ്പിച്ചത്. രണ്ടാം ദിവസം സഹോ. ആനന്ദ് അച്ചടക്കവും അനുസരണയും എന്ന വിഷയം അവതരിപ്പിച്ചു. തുടർന്ന് സഹോ.രവി സുബ്ബയ്യൻ നിരന്തര സ്മരണയെക്കുറിച്ച് സംസാരിച്ചു. ഉച്ചക്കുശേഷം സഹോ. രാധാകൃഷ്ണൻ വിശ്വാസത്തെക്കുറിച്ചാണ് ചർച്ച ചെയ്തത്. മൂന്നാം ദിവസം ഞായറാഴ്ച സത്സംഗത്തിനുശേഷം സഹോ. രമ്യ ദശസൂക്തങ്ങൾ കൈകാര്യം ചെയ്തു. സമാപനദിവസം സഹോ.വിശ്വനാഥ റാവുവും, സഹോ. പ്രകാശും സംസാരിച്ചു. പരിപാടി വളരെ ഉപകാരപ്രദമായിരുന്നു എന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.


തിരുപ്പൂർ

ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

## ഗൃഹ സദസ്സുകളും പൊതുവേദികളും

### ഗുൽബർഗ, ഉത്തര കർണ്ണാടക

ജൂൺ 23-ന് ഗുൽബർഗയിലെ സഹോ. രാധാബായ് കുൽകർണിയുടെ വീട്ടിൽ വെച്ച് ഒരു ഗൃഹസദസ്സ് സംഘടിപ്പിക്കുകയുണ്ടായി. ആറു പേർ ഈ സദസ്സിൽ പങ്കെടുത്തു. സഹോ. മീരാകുൽകർണി സഹജമാർഗത്തിൻെറ വിവിധ വശങ്ങളെക്കുറിച്ച് സംസാരിച്ചു. തുടർന്നുണ്ടായ ചോദ്യോത്തരവേളയിൽ സഹോ. മനോഹർ സിംഗ് വിശദീകരണം നൽകി. നാലു പേർ അന്നു തന്നെ സാധന ആരംഭിച്ചു. ആഹ്ലാദം തിരതല്ലുന്ന ഒരന്തരീക്ഷം അവിടെ നിറഞ്ഞു നിന്നിരുന്നു.

ജൂലായ് 11-ന് ഗംഗാവതി താലൂക്കിലുള്ള യെൽബർഗയിൽ വെച്ച് വൈകുന്നേരത്തെ സത്സംഗത്തിനുശേഷം ഒരു പൊതുവേദി സംഘടിപ്പിച്ചു. പത്തുപേർ ഇതിൽ പങ്കെടുത്തു. സഹോ. രാജു കഷാമ്പുർക്കാർ, സഹോ. രാജു ലാൽ, സഹോ.നിജലിംഗപ്പ എന്നിവർ ഈ അവസരത്തിൽ സംസാരിച്ചു. സ്ഥലത്തെ പ്രിഫക്റ്റായ സഹോ. രുദ്രപ്പയും ഈയവസരത്തിൽ സന്നിഹിതനായിരുന്നു. പങ്കെടുത്തവരിൽ ഭൂരിഭാഗം പേരും സാധന ആരംഭിക്കുവാൻ താൽപര്യം പ്രകടിപ്പിച്ചു.

### ചിക്മംഗ്ലൂർ, ദക്ഷിണ കർണ്ണാടക

ചിക്മംഗ്ലൂർ കേന്ദ്രത്തിലെ അഭ്യാസികളും താത്പര്യമുള്ള ചില വ്യക്തികളും, ആഗസ്റ്റ് 15-ന് ഒരഭ്യാസിയുടെ വീട്ടിൽ ഒന്നിച്ചു ചേരുകയുണ്ടായി. മൂന്നു 'എം' കളെകുറിച്ച് സഹോ. സത്യനാരായണ വിവരിച്ചത് എല്ലാവരിലും താൽപര്യം ജനിപ്പിച്ചു. മാസ്റ്ററുടെ ഒരു ഡിവിഡി പ്രദർശിപ്പിച്ചതിനു ശേഷം സാധനയുടെ വിവിധ വശങ്ങളെക്കുറിച്ച് അഭ്യാസികൾ സംസാരിച്ചു. സഹജദീപത്തിൻെറ ഒരു പഴയ പ്രസിദ്ധീകരണത്തിൽ നിന്നും, സഹോ. ദീപ മാസ്റ്റർ ചിക്മംഗ്ലൂരിലെ ഒരു അഭ്യാസിയുടെ ഫാം ഹൗസ് സന്ദർശിച്ചത് വായിച്ചു കേൾപ്പിച്ചു. ഇതിൽനിന്നും പ്രചോദനം ഉൾക്കൊണ്ട്, സഹോ. കെ.യു.ഷെട്ടി സംസാരിച്ചു. ചില ഉദാഹരണങ്ങൾ സഹിതം അഭ്യാസികളോട് മാസ്റ്റർക്കുള്ള താൽപര്യം അദ്ദേഹം വിശദീകരിച്ചു.

പരിപാടിയുടെ അവസാനത്തിൽ എല്ലാ അഭ്യാസികളോടും ധ്യാന നിമഗ്നരായിരുന്നു കൊണ്ട് തങ്ങൾക്ക് എങ്ങനെ മിഷനെ സഹായിക്കാമെന്ന് ചിന്തിക്കുവാൻ ഉപദേശിച്ചു. ഒരു ആശ്രമം നിർമ്മിക്കണമെന്ന ആശയങ്ങളും മറ്റും ഉയർന്നു വന്നു.

## ഒരു ഫലവത്തായ ദിനം


തൃശ്ശൂർ


ഇൻഡോർ


ഹാസ്സൻ

### തൃശ്ശൂർ, കേരള

ജൂലായ് 4 ന് തൃശ്ശൂർ യോഗാശ്രമത്തിൽ വെച്ച് ഒരു മുഴുദിന പരിപാടി സംഘടിപ്പിച്ചു. രാവിലെ സത്സംഗത്തിനു ശേഷം, സത്യസന്ധതയെ കുറിച്ച് കുട്ടികളുടെ ഒരു കൊച്ചു നാടകാവതരണമുണ്ടായി. സത്യസന്ധനായ ഒരു പൗരനെ കണ്ടുപിടിക്കുന്നതിനുവേണ്ടി ഒരു രാജാവ് നടത്തിയ ഒരു പരീക്ഷണമായിരുന്നു കഥയിലെ വിഷയം. വിശ്വാസ്യതയും സത്യസന്ധതയും എത്രത്തോളം മനുഷ്യ ജീവിതത്തിൽ ആവശ്യമുണ്ടെന്ന് ഈ കഥയിൽ കൂടി കുട്ടികൾ അവതരിപ്പിച്ചു. സഹജമാർഗത്തിൻെറ ഭാവി വാഗ്ദാനങ്ങളായ അവർ ഈ മൂല്യങ്ങൾ തങ്ങളുടെ ജീവിതത്തിൽ എത്രത്തോളം ഉൾക്കൊണ്ടിട്ടുണ്ടെന്ന്, നാടകാവതരണത്തിൽ അവർ കാണിച്ച ഉത്സാഹത്തിൽ പ്രകടമായിരുന്നു.

ആദ്ധ്യാത്മിക യാത്രയിൽ നൊമ്പരം എത്രത്തോളം ജീവിതത്തിൻെറ ഭാഗമാണെന്ന് മാസ്റ്റർ വിവരിക്കുന്ന ഒരു വീഡിയോ അതിനു ശേഷം കാണിച്ചു. സെൻറർ ഇൻ ചാർജ് സഹോ. ടി പി നാരായണൻ മാസ്റ്ററുടെ പ്രഭാഷണത്തെ മലയാളത്തിൽ അവതരിപ്പിച്ചു. 'റിവിലിംഗ് ദ പേർസണാലിറ്റി' എന്ന പുസ്തകത്തിൽ അടങ്ങിയ വിവിധ ആശയങ്ങൾ പ്രതിപാദിക്കുന്ന മാസ്റ്ററുടെ പ്രഭാഷണങ്ങൾ അഭ്യാസികൾ അവതരിപ്പിച്ചു. 1993-ൽ ആദ്യമായി പ്രകാശനം ചെയ്ത ഈ പുസ്തകത്തിലെ സന്ദേശങ്ങൾ പാശ്ചാത്യരെ ഉദ്ദേശിച്ചായിരുന്നുവെങ്കിൽ, 2009-ൽ അതിൻെറ പുന പ്രകാശനത്തോടെ, ആ സന്ദേശങ്ങളുടെ ആഗോളപ്രസക്തിയാണ് ചൂണ്ടിക്കാട്ടുന്നത്. ജീവിതത്തിൻെറ മൂല്യങ്ങൾ എങ്ങനെ നിത്യജീവിതത്തിൽ പകർത്താമെന്ന് ഈ പുസ്തകം ഉദ്ഘോഷിക്കുന്നു. ചുരുക്കി പറഞ്ഞാൽ ദശ സൂക്തങ്ങളുടെ വിശദമായ പ്രതിപാദനമാണ് ഈ പുസ്തകം. ദശ സൂക്തങ്ങളാവട്ടെ, മൂല്യാധിഷ്ഠിത ജീവിതത്തിൻെറ ആണിക്കല്ലും. വൈകുന്നേരം സത്സംഗത്തോടെ പരിപാടികൾ സമാപിച്ചു.

### ദശസൂക്തങ്ങളെക്കുറിച്ചുള്ള ചർച്ച ,ഇൻഡോർ

ദശ സൂക്തങ്ങൾ ചർച്ച ചെയ്യുന്നതിനും അനുസന്ധാനം ചെയ്യുന്നതിനുമായി ഇൻഡോറിൽ 27 അഭ്യാസികളുടെ ഒരു ഗ്രൂപ്പ് നിലവിൽ വന്നു. കൃത്യമായി നടക്കാറുള്ള യോഗങ്ങളിൽ ഓരോ സൂക്തങ്ങളെക്കുറിച്ച് അവർ ചർച്ച നടത്തി. അതിനു ശേഷം അവ ജീവിതത്തിൽ പകർത്താൻ വേണ്ടി ശ്രദ്ധിക്കുവാൻ തുടങ്ങി. ഒരു പ്രത്യേക ഉത്സാഹം അവരിൽ പ്രകടമായി കണ്ടു തുടങ്ങി. സഹോ. അവിനാഷ് കാർമാർക്കറും സഹോ. രാജേഷ് രവേർക്കറും ചേർന്നാണ് ഈ സംരംഭത്തിന് ചുക്കാൻ പിടിച്ചത്.

### ഹാസൻ, ദക്ഷിണ കർണ്ണാടക

ജൂലായ് 11 ഞായറാഴ്ച ഹാസൻ കേന്ദ്രത്തിൽ, സഹോ. ശ്രിനിവാസനും സഹോ. സുബ്രമണ്യയ്ക്കും ഒരു പൂർണ്ണ ദിന പരിപാടി നടത്തുവാൻ ക്ഷണം ലഭിച്ചു. ഇതിൽ ഹാസനിൽ നിന്നും ചിക്മംഗ്ലൂരിൽ നിന്നുമായി അറുപതോളം അഭ്യാസികൾ പങ്കെടുത്തു.

സത്സംഗത്തിനു ശേഷം സഹജമാർഗ പരിശീലനത്തെപ്പറ്റിയും, ഗുരുവിൻെറ പ്രാധാന്യത്തെക്കുറിച്ചും സഹോ. ശ്രീനിവാസ് വിശദീകരിച്ചു. തുടർന്ന് സഹോ.സുബ്രമണ്യ, സ്വഭാവ രൂപീകരണത്തിൻെറ പ്രാധാന്യത്തെക്കുറിച്ചും, ദശ സൂക്തങ്ങൾ ജീവിതത്തിൻെറ ഭാഗഭാക്കാക്കേണ്ടതിൻെറ അവശ്യകതയെക്കുറിച്ചും വിസ്തരിച്ചു സംസാരിച്ചു.

ഉച്ചക്കുശേഷമുണ്ടായ ചോദ്യോത്തര വേളയിൽ, സാധനയെക്കുറിച്ച് തങ്ങൾക്കുണ്ടായിരുന്ന പല സംശയങ്ങളും ദൂരീകരിച്ചു. ചില അഭ്യാസികൾ തങ്ങളുടെ അനുഭവങ്ങൾ മറ്റുള്ളവരുടെ മുമ്പിൽ പങ്കു വെച്ചു. വൈകുന്നേരം സത്സംഗത്തോടുകൂടി പരിപാടി സമാപിച്ചു.

ശ്രീ രാം ചന്ദ്ര മിഷൻ®
എക്രോസ് ഇന്ത്യ വാർത്താപത്രിക


ബാംഗ്ലൂർ


ഗാസിയാബാദ്

## കൂട്ടായ ചർച്ച--മൊറാദാബാദ്

ആഗസ്റ്റ് 15 ന് മൊറാദാബാദ് സെൻററിൽ, യോഗാശ്രമത്തിലെ ധ്യാനഹാളിൽ ഒരു ചർച്ച നടത്തി. സത്സംഗത്തിനുശേഷം മുപ്പതോളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു. ബ്രദർ അമീത് ഏകോപിച്ച ഈ പരിപാടിയിൽ അഭ്യാസികളെഏഴു ഗ്രൂപ്പുകളായി തിരിച്ചു. ലക്നൗവിൽ മാസ്റ്റർ നടത്തിയ പ്രഭാഷണങ്ങളിലെ സേവനം, പരിണമിക്കൽ എന്നീ വിഷയങ്ങളെആസ്പദിച്ചായിരുന്നു ചർച്ച. അവരുടെ ചർച്ചയുടെ സംക്ഷിപ്ത വിവരണം ഓരോ ഗ്രൂപ്പും അവതരിപ്പിച്ചു. വളരെ ഉപകാരപ്രദമായിരുന്ന ഈ ചർച്ചയിൽ ഉടനീളം സാഹോദര്യ മനോഭാവവും മാസ്റ്ററോടുള്ള സ്നേഹവും ഉപകാര സ്മരണയും നിറഞ്ഞു നിന്നിരുന്നു.

## ബാംഗ്ലൂരിലെ വളൻറിയർമാർക്ക് അനുസ്മരണീയമായ വാരാന്ത്യം

മൂന്നു ആശ്രമങ്ങളാൽ അനുഗ്രഹീതമാണ് ബാംഗ്ലൂർ സെൻറർ. -പരം ധാം, സോണൽ ആശ്രമം, ബനശങ്കരി. ഓരോ ആശ്രമത്തിലും സമയം ചിലവഴിക്കുന്നതിനും, വളൻറിയർമാരായി ജോലി ചെയ്യുന്നതിനും, ആത്മീയ അന്തരീക്ഷം അനുഭവിക്കുന്നതിനും അഭ്യാസികൾക്ക് അവസരം ഒരുക്കുവാനായി “വാരാന്ത്യം ആശ്രമത്തിൽ” എന്ന പരിപാടി ആസൂത്രണം ചെയ്തു. ഇതിൻെറ ഭാഗമായി ആദ്യ പരിപാടി ജൂണിൽ സോണൽ ആശ്രമത്തിലും, തുടർന്ന് ജൂലൈ 10-11 തിയതികളിൽ ബനശങ്കരി ആശ്രമത്തിലും നടത്തി. ധ്യാനഹാളും പരിസരവും വൃത്തിയാക്കൽ, പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും തയ്യാറാക്കൽ, തുടങ്ങിയ വിവിധ ജോലികളിൽ അഭ്യാസികൾ ഏർപ്പെട്ടു. സേവനത്തിൻെറ വിവിധ വശങ്ങൾ, വളൻറിയർ ജോലിയിൽ ഏർപ്പെടുന്ന ഒരഭ്യാസിക്കുണ്ടായിരിക്കേണ്ട മാനസികാവസ്ഥ തുടങ്ങിയ കാര്യങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള വിശദീകരണം ദിവസത്തിൻെറ രണ്ടാം പകുതിയിൽ നടത്തി. ഞായറാഴ്ച സത്സംഗത്തിനുശേഷം ബാംഗ്ളൂർ ആശ്രമത്തിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിച്ചു. ധാരാളം അഭ്യാസികൾ ഇത്തരം കാര്യങ്ങളിൽ ഭാഗഭാക്കാവുന്നതിനുള്ള ഉത്സാഹം പ്രകടിപ്പിച്ചു.

ആഗസ്റ്റ് 13 ന് വൈകീട്ട് പരം ധാം ആശ്രമത്തിൽ ഈ പരിപാടി തുടങ്ങി. കുട്ടികൾക്കായി ഒരു പാർക്ക് നിർമ്മിക്കുവാനുള്ള സ്ഥലം വൃത്തിയാക്കൽ, മഴവെള്ള ശുദ്ധീകരണ യൂണിറ്റും വെള്ള ടാങ്കും വൃത്തിയാക്കൽ, അടുക്കളസംഭരണ മുറിയും മുകളിലെ മുറിയും വൃത്തിയാക്കൽ, പച്ചക്കറി വളർത്തുന്നതിനുള്ള ഇടം ഒരുക്കൽ തുടങ്ങിയ ജോലികൾ മുപ്പതോളം അഭ്യാസികൾ അടുത്ത രണ്ടു ദിവസങ്ങളിലായി ചെയ്തു.

സേവനത്തെപ്പറ്റിയുള്ള മാസ്റ്ററുടെ പ്രഭാഷണം ഉച്ചഭക്ഷണത്തിനു മുൻപ് വളൻറിയർമാർ ശ്രവിച്ചു. പരസ്പരം അടുത്തറിയാനായി ഉച്ചഭക്ഷണത്തിനു ശേഷം കുറച്ചു സമയം അടുത്തുള്ള തടാകത്തിൻെറ കരയിൽ അവർ ചിലവഴിച്ചു. ഭണ്ഡാരയിലും മാസ്റ്ററോടൊത്തും ചിലവഴിച്ച അനുഭവം ചില അഭ്യാസികൾ പങ്കു വെച്ചു. രാത്രിയിലെ “ക്യാംപ് ഫയർ” എല്ലാവരുടെയും മുഖം ദീപ്തമാക്കി. കുട്ടികൾ പാട്ടുകൾ പാടി ആനന്ദിച്ചു, അവിടെ കൂടിയിരുന്ന അഭ്യാസികളുടെ ഹൃദയങ്ങളെസന്തോഷിപ്പിച്ചു. രാത്രി ഭക്ഷണത്തിനു ശേഷം സിനിമാ പ്രദർശനവും ഉണ്ടായിരുന്നു.

പിറ്റേന്ന് രാവിലത്തെ സത്സംഗത്തിനുശേഷം സെൻറർ ഇൻ ചാർജ് സഹോ. പ്രഭാകർ തൻെറ പ്രസംഗത്തോടെ പരിപാടി അവസാനിപ്പിച്ചു. വിവിധ പ്രദേശങ്ങളിൽ നിന്നുള്ള വളൻറിയർമാർക്ക് കണ്ടു മുട്ടാനും അഭിപ്രായങ്ങൾ കൈ മാറാനും, അവിടെ ഉരുത്തിരിഞ്ഞ അമൂല്യമായ ആശയങ്ങളാൽ ഒരുപാട് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും ഈ പരിപാടി അവസരമൊരുക്കി.

## യുവാക്കൾക്കായുള്ള സമയം--ഗാസിയാബാദ്

ജൂൺ 26-27 തിയതികളിൽ യുവാക്കൾക്കായി ഒരു ദ്വിദിന റസിഡൻഷ്യൽ പ്രോഗ്രാം ഗാസിയാബാദ് സെൻറർ നടത്തി. പരിപാടിയുടെ പ്രതിപാദ്യ വിഷയം “യൗവനം, പ്രത്യാശയുടേയും പ്രതീക്ഷയുടേയും കാലഘട്ടം” എന്നതായിരുന്നു. സഹോ. മഹാവീർ സിംഗ് റോഹില അഭ്യാസികളെസ്വാഗതം ചെയ്തു. തുടർന്ന് ഈ വിഷയവുമായി ബന്ധപ്പെട്ട മാസ്റ്ററുടെ പ്രഭാഷണങ്ങൾ കേൾപ്പിച്ചു. അതിനുശേഷം സഹോ. പ്രീതി “മുൻഗണന കൊടുക്കുന്നതിനു പരിശീലിക്കുക” എന്ന വിഷയത്തെ അധികരിച്ച് ഒരു പരിപാടി നടത്തി. രാത്രി ഭക്ഷണത്തിനുശേഷം സഹോ. അനിത രസകരമായ കളികൾ സംഘടിപ്പിച്ചു. രണ്ടാം ദിവസം സത്സംഗത്തിനുശേഷം ‘ദി സീക്രട്ട്’ എന്ന പേരിലുള്ള, ചിന്തയുടെ ശക്തിയെ അധികരിച്ച് നിർമ്മിച്ച ഒരു ഡോക്യുമെൻററി ചിത്രം കാണിച്ചു. അതിനുശേഷം “സമൂഹത്തോടും പ്രകൃതിയോടും യുവാക്കൾക്കുള്ള ഉത്തരവാദിത്വം” എന്ന വിഷയത്തെക്കുറിച്ച് സഹോ. അനിത സംസാരിച്ചു. ‘മനസ്സിനെ ക്രമീകരിക്കൽ’ എന്ന വിഷയത്തെക്കുറിച്ച് സഹോ. ജതിൻ ചെറിയ ഒരു പരിപാടി നടത്തി. മാസ്റ്ററുടെ പ്രഭാഷണങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ അവതരിപ്പിച്ചു. പങ്കെടുത്തവർക്ക് വളരെ ആസ്വാദ്യകരമായിരുന്നു ഈ പരിപാടി.

## പുതിയ സെൻററായ ജമ്മുവിൽനിന്നുള്ള വിശേഷങ്ങൾ



വനമഹോത്സവത്തിൻെറ ഭാഗമായി ആഗസ്റ്റ് 15 ന് ജമ്മുവിൽ അടുത്തിടെ വാങ്ങിയ സ്ഥലത്ത് ചെടികൾ നട്ടു പിടിപ്പിച്ചു. 2010 ജൂലൈയിൽ ചുറ്റുമതിലുകളുടെ പണി പൂർത്തിയായിരുന്നു. അർജുന, ബോട്ടിൽ ബ്രഷ്, പൈൻ, നീം, നെല്ലിക്ക, അലെ സ്റ്റോണിയ, പഞ്ച് സിത്താര, ചൈന റോഡ്, ഷീഷം, സിൽവർ ഓക്ക് തുടങ്ങിയ 90 ഓളം വിവിധ ഇനത്തിലുള്ള ചെടികൾ ആശ്രമത്തിനായി വാങ്ങിയ ഒരേക്കർ സ്ഥലത്ത് വെച്ചു പിടിപ്പിച്ചു.

ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

ഉയർന്ന താപനിലയെ വക വെയ്ക്കാതെ മുപ്പതോളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു. ഭക്ഷണശാല, അടുക്കള, ശൗചാലയം തുടങ്ങിയവയുടെ നിർമ്മാണത്തിനുള്ള രൂപരേഖ മാസ്റ്ററുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

## ആശ്രമനിർമ്മാണം -ധാവനഗരെ, കർണ്ണാടക



ചുരുക്കം അഭ്യാസികളുമായി തുടങ്ങിയ ധാവനഗരെ സെൻറർ നൂറോളം അഭ്യാസികളുമായി വളർന്നിരിക്കുന്നു. അഭ്യാസികളുടെ വീടുകളിൽ നടത്തിയിരുന്ന ഞായറാഴ്ച സത്സംഗം കൂടുതൽ അഭ്യാസികളെപങ്കെടുപ്പിക്കുവാനായി ഒരു സ്കൂൾ അങ്കണത്തിലേക്ക് മാറ്റിയിരുന്നു. സെൻറർ കൂടുതൽ വളർന്നതോടെ ഒരു ആശ്രമത്തിന്റെ ആവശ്യകത ബലപ്പെടുകയും മിഷനുവേണ്ടി രണ്ടേക്കർ ഭൂമി വാങ്ങിയതോടെ അതൊരു യാഥാർത്ഥ്യമാവുകയും ചെയ്തു. 2009 ഫെബ്രുവരി 29 ന് ഭൂമി പൂജ നടത്തുകയും 2010 ഏപ്രിൽ 25 ന് സത്സംഗം നടത്തുകയും ധ്യാനഹാളിനും അടുക്കളതുടങ്ങിയവയ്ക്കും വേണ്ടിയുള്ള പണി തുടങ്ങുകയും ചെയ്തു. ധ്യാനഹാളിന് 45 അടി നീളവും 45 അടി വീതിയുമാണ്, അടുക്കള, സ്റ്റോർ തുടങ്ങിയവയ്ക്ക് 60 അടി നീളവും 15 അടി വീതിയുമാണ്.

ധ്യാനഹാളിന്റെ അടിത്തറയുടേയും അടുക്കളയുടെ മേൽക്കൂരയുടേയും നിർമ്മാണം പൂർത്തിയായിരിക്കുന്നു. പണിക്കും, കുടിവെള്ളത്തിനുമായി മറ്റൊരു കുഴൽക്കിണർ കൂടി കുഴിച്ചിട്ടുണ്ട്. 60 തേക്ക്, 10 വേപ്പ്, 10 ഹോഞ്ച്, കുറച്ച് തെങ്ങുകൾ തുടങ്ങിയവ വെച്ചു പിടിപ്പിച്ചിട്ടുണ്ട്. ഈ വർഷം ഒക്ടോബറോടെ പണി പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.



# കുട്ടികൾക്കായി മൂല്യങ്ങൾ

## ഹത്ത്റാസ്, മദ്ധ്യപ്രദേശ്

നിറഞ്ഞ ഉത്സാഹത്തോടെ 30 ഓളം കുട്ടികൾ പങ്കെടുത്ത ഒരു മൂല്യാധിഷ്ഠിത വിദ്യാഭ്യാസ ക്യാമ്പ് ജൂൺ 27 ന് ഹത്ത്റാസ് സെൻററിൽ നടത്തി. അഞ്ചു മിനിറ്റു നീണ്ട പ്രാർഥന ധ്യാനത്തോടെ പരിപാടി ആരംഭിച്ചു. സഹജമാർഗത്തെക്കുറിച്ചും അതിന്റെ ലക്ഷ്യത്തെക്കുറിച്ചും സഹോ. അരവിന്ദ് ചുരുങ്ങിയ വാക്കുകളിൽ വിവരിച്ചു. വ്യായാമത്തിനും ആരോഗ്യപരിപാലനത്തിനും നിത്യജീവിതത്തിൽ ഉള്ള പ്രാധാന്യത്തെക്കുറിച്ച് ഋഷിരാജ് സിംഗ് വിശദീകരിച്ചു. കുട്ടികൾ ശ്രദ്ധയോടെ കേൾക്കുകയും പ്രധാന കാര്യങ്ങൾ കുറിച്ചെടുക്കുന്നുമുണ്ടായിരുന്നു. സഹോ. അമീത്, സഹോ. ഹരേന്ദ്ര, മറ്റു വളൻറിയർമാർ എന്നിവർ ചേർന്ന് ലഘുനാടകങ്ങൾ നടത്തി. സ്പെല്ലിംഗ് ബീ, ഐ.ക്യു., പൊതുവിജ്ഞാനം എന്നിവയെ അധികരിച്ച് വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. ഇത് ക്യാമ്പിലെ പഠനങ്ങൾക്ക് സഹായകരമായി. പങ്കെടുത്തവർക്ക് മൊമെൻറോകൾ വിതരണം ചെയ്തുകൊണ്ട്, വേനൽക്കാല ക്യാമ്പ് അവസാനിച്ചു.

## ഇന്തോർ, മദ്ധ്യപ്രദേശ്



70 ഓളം കുട്ടികൾ പങ്കെടുത്ത, ജൂൺ 21 മുതൽ 25 വരെ നീണ്ടുനിന്ന കുട്ടികൾക്കായുള്ള മൂല്യാധിഷ്ഠിത വിദ്യാഭ്യാസ ക്യാമ്പ് ഇന്തോർ സെൻറർ സംഘടിപ്പിച്ചു. കുട്ടികൾക്ക് മൂല്യങ്ങൾ പകർന്നു നൽകുന്നതിനായി നടത്തുന്ന ഇത്തരം പരിപാടികൾ തുടർച്ചയായി 12-ാമത് വർഷമാണ് നടത്തുന്നത്. മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പരിപാടികളോടൊപ്പം, കളിമൺ നിർമ്മാണം, ഗ്ലാസ്സ് പെയ്ൻറിംഗ്, ഡാൻസ്, തീയില്ലാതെ ഭക്ഷണം പാചകം ചെയ്യൽ തുടങ്ങിയവയും പരിശീലിപ്പിച്ചു.

മിഷൻ പ്രാർഥനയോടെ തുടങ്ങി, അഞ്ചു മിനിറ്റു മൗനമായിരിക്കലും യോഗ പരിശീലനവും നടത്തി. വിലയേറിയ സന്ദേശമുൾക്കൊണ്ട ഒരു ചെറിയ സിനിമ അടുത്ത പത്തു മിനിറ്റു പ്രദർശിപ്പിച്ചു. തുടർന്ന്, രണ്ടു മണിക്കൂറോളം കുട്ടികൾ വിവിധ ഗ്രൂപ്പുകളായി ചേർന്ന് പ്രവർത്തിച്ചു. പങ്കുവെക്കൽ, ആസ്വാദനം, സഹകരണം തുടങ്ങിയ മൂല്യങ്ങൾ വിവിധ പ്രവർത്തികളിലൂടെ പരിശീലിച്ചു.

## പിലിഭീഡ്, യു.പി.

10-14 പ്രായമുള്ള കുട്ടികൾക്കായി ജൂൺ 11 മുതൽ 20 വരെ പിലിഭീഡ് സെൻററിൽ ഒരു മൂല്യാധിഷ്ഠിത വിദ്യാഭ്യാസ വേനൽക്കാല ക്യമ്പ് നടത്തി. 40 ഓളം കുട്ടികൾ ഉത്സാഹപൂർവ്വം ഇതിൽ പങ്കെടുത്തു. രാവിലെ 6.30 ന് തുടങ്ങിയ ക്യാമ്പിൽ പ്രവൃത്തികൾ വിവിധ ഭാഗങ്ങളായി തിരിച്ചിരുന്നു. ആദ്യമായി, വ്യായാമം, പ്രാർഥന, ധ്യാനം തുടങ്ങിയവയായിരുന്നു. അതിനോടൊപ്പം മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പഠനപദ്ധതി പ്രകാരമുള്ള ഒരു വിഷയവും പഠിപ്പിച്ചു. തുടർന്ന് വർത്തമാന പത്രം, ഗതാഗത നിയമങ്ങൾ, പോസ്റ്റ് ഓഫീസ്, സമയ ക്രമീകരണം, കമ്പ്യൂട്ടർ, ആരോഗ്യം തുടങ്ങിയ വിഷയങ്ങളെഅധികരിച്ച് അതിഥികൾ സംസാരിച്ചു. ഒറിഗാമി, കൈത്തൊഴിൽ, പെയ്ൻറിംഗ്, പാട്ട്, പ്രബന്ധരചന, ലഘുനാടകങ്ങൾ തുടങ്ങിയവ പരിശീലിപ്പിച്ചു. ക്യാമ്പിന്റെ അവസാന ദിവസം കുട്ടികൾ അവതരിപ്പിച്ച വിവിധ പരിപാടികൾ വീക്ഷിക്കാനായി മാതാപിതാക്കളെ ക്ഷണിച്ചിരുന്നു.

ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

# പ്രകാശകേന്ദ്രങ്ങൾ



“ജീവിതം അഭ്യസനത്തിനായുള്ള അനന്തമായ ഒരു അനുക്രമമാണ്. ഈ ജീവിതത്തിൽ അത് അവസാനിക്കുന്നില്ല. അത് അനാദി അനന്തമാണ്. ഈ അദ്ധ്യയനം എപ്പോൾ ,എവിടെ വെച്ച് തുടങ്ങി എന്ന് നമുക്കറിയില്ല. അതൊരിക്കലും അവസാനിക്കുകയുമില്ല. കാരണം, നാം പരിണമത്തിൻെറ വിവിധ ഘട്ടങ്ങളിലൂടെ പുരോഗമിക്കുമ്പോഴും നാം അതിനായി പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്.”

## നാട്രംപള്ളി, തമിഴ്നാട്

2004 ഒക്റ്റോബറിൽ ശ്രീ ഓം പ്രകാശ് മിഷനുവേണ്ടി സംഭാവന ചെയ്തതാണ് നാട്രംപള്ളി,യിലെ ആശ്രമം. അദ്ദേഹം പിന്നീട് അഭ്യാസിയാവുകയും ഒരു പ്രിഫക്റ്റ് ആവുകയും ചെയ്തു. ചെന്നൈയിലേക്കും ബാംഗ്ലൂരിലേക്കുമുള്ള മാസ്റ്ററുടെ യാത്രയിലെ ഒരു ഇടത്താവളമായി നാട്രംപള്ളി ആശ്രമം പ്രയോജനപ്പെടുത്തുന്നു. തികഞ്ഞ ഗ്രാമീണ അന്തരീക്ഷത്തിൽ മലകളാൽ ചുറ്റപ്പെട്ട്, യേലഗിരി മലനിരകളിൽ നിന്നും 20 കി.മി. അകലെയായാണ് ഈ ആശ്രമം.

തുടക്കത്തിൽ ആശ്രമത്തിനു കണ്ടെത്തിയ ഒരേക്കർ സ്ഥലം ഇടുങ്ങിയതും നീണ്ടതുമായിരുന്നു. അവിടെ പണിത ആശ്രമ മന്ദിരം നീണ്ടതും ദൂരെ നിന്ന് ഒരു യുദ്ധക്കപ്പലിൻെറ പ്രതീതി ഉളവാക്കുന്നതുമായിരുന്നു. ഒരു പക്ഷേ, പൂർണ്ണമായി പണിത് മിഷന് സംഭാവന ചെയ്ത ഒരു കെട്ടിടം, ഈ ആശ്രമമായിരിക്കും. ഉദാരനായ ദാതാവ്, തൻെറ സാമ്പത്തിക ലഭ്യത അനുസരിച്ച് പല ഭാഗങ്ങളായിട്ടാണ് ഇതിൻെറ പണി പൂർത്തിയാക്കിയത്. ഒരാശ്രമമെന്ന നിലയിൽ ഇതിൻെറ വലിപ്പം വളരെ പ്രാധാന്യമുള്ളതായിരുന്നു. സംഭാവന ചെയ്യുന്ന സമയത്തു തന്നെ രണ്ടായിരത്തോളം ആളുകൾക്ക് ഇരുന്നു ധ്യാനിക്കുവാൻ സാദ്ധ്യമായ ഒരു ഹാൾ ഇവിടെ ഉണ്ടായിരുന്നു. 500 ഓളം അഭ്യാസികളെതാമസിപ്പിക്കുവാനുള്ള സൗകര്യവും, അടുക്കളയും, ഭക്ഷണശാലയും ഉണ്ടായിരുന്നു. ചില ചെറിയ കെട്ടിടങ്ങൾ മാസ്റ്ററുടെ കോട്ടേജിനും ലൈബ്രറിക്കുമായി വേണ്ട മാറ്റങ്ങൾ വരുത്തി ഉപയുക്തമാക്കിയിട്ടുണ്ട്.

മിഷൻെറ ഒരു കൂട്ടം സെൻററുകളാലും സബ് സെൻററുകളാലും ഈ ആശ്രമം ചുറ്റപ്പെട്ടു കിടക്കുന്നതുകൊണ്ട് ആദ്ധ്യാത്മിക കൂടിച്ചേരലുകൾക്ക് ഇവിടം ഉപയോഗിക്കപ്പെടുന്നുണ്ട്. തിരുപ്പത്തൂർ, വാണിയമ്പാടി, വേലുകോട്ടായി, പാച്ചൂർ തുടങ്ങിയ സമീപ പ്രദേശങ്ങളിലെ സെൻററുകളിൽ നിന്നുമുള്ള അഭ്യാസികൾ ഞായറാഴ്ചകളിൽ ഇവിടെ നടത്തുന്ന സത്സംഗങ്ങളിൽ പങ്കെടുക്കാറുണ്ട്. കൂടാതെ എല്ലാ മാസവും നടത്തുന്ന മുഴുദിന പരിപാടികളിൽ ഹൊസൂർ, കൃഷ്ണഗിരി, ബർഗൂർ, കാവേരിപട്ടണം, കുപ്പം, പനന്തൂർ, ജഗദേവി, വി.കോട്ടെ, ആർനി, വെല്ലൂർ തുടങ്ങിയ സെൻററുകളിൽ നിന്നുമുള്ള ഉദ്ദേശം 200 ഓളം അഭ്യാസികൾ പങ്കെടുക്കാറുണ്ട്.

2005 ആഗസ്റ്റിൽ കേരള സോണിലെ പ്രിസപ്റ്റേഴ്സ് സെമിനാറും, 2006 ഡിസമ്പറിൽ മൂന്നാഴ്ചയോളം നീണ്ടുനിന്ന അന്താരാഷ്ട്ര സ്കോളർഷിപ് ട്രെയിനിംഗ് പരിപാടിയും നടത്തുവാനായി മാസ്റ്റർ ഈ ആശ്രമമാണ് തിരഞ്ഞെടുത്തത്.

കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 1.75 ഏക്രയും, 0.94 ഏക്രയും സ്ഥലങ്ങൾ ആശ്രമത്തിൻെറ രണ്ട് വശങ്ങളിലായി വാങ്ങുകയുണ്ടായി. അഭ്യാസികൾക്ക് സേവനം അനുഷ്ടിക്കാനും അതോടൊപ്പം എല്ലാവർക്കും ഒത്തുചേരാനും അവസരമൊരുക്കിക്കൊണ്ട് 1.75 ഏക്ര സ്ഥലത്ത് പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, പൂക്കൾ തുടങ്ങിയവ കൃഷി ചെയ്യുന്നുണ്ട്. വിസ്തൃതമായ പപ്പായ തോട്ടത്തിൽ നിന്നും ലഭിച്ച വരുമാനം മാസ്റ്ററുടെ പ്രശംസ പിടിച്ചു പറ്റി. ഇവിടെയാണ് ഏറ്റവും സ്വാദിഷ്ടമായ പപ്പായ ലഭിക്കുന്നത് എന്നാണ് അദ്ദേഹം പറഞ്ഞത്.

തീവ്രാഭിലാഷികൾക്ക് അവസരമൊരുക്കുന്ന ഒരു ആത്മീയ പൂന്തോപ്പാണ് നാട്രംപള്ളി ആശ്രമം. വരും വർഷങ്ങളിലും അവരുടെ വളർച്ചക്ക് കളമൊരുക്കുക എന്ന ഉദ്യമത്തിന് ഇവിടം സഹായകമായിരിക്കും.







To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org

© 2009 Shri Ram Chandra Mission ("SRCM"). All rights reserved. “Shri Ram Chandra Mission", "Sahaj Marg", "SRCM", “Constant Remembrance” and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.